**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 21 .07 .2023**

# "കൈക്കൂലി കേസിൽ ഓവർസിയറെ വിജിലൻസ് കോടതി കഠിന തടവിന് ശിക്ഷിച്ചു"

തൃശ്ശൂർ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഓവർസിയർ ആയിരുന്ന ജിമ്മി വർഗീസ് 5,000/- രൂപ കൈക്കൂലി വാങ്ങിയ കേസിൽ കുറ്റക്കാരൻ ആണെന്ന് കണ്ടെത്തി തൃശ്ശൂർ വിജിലൻസ് കോടതി ഇന്ന് (**21 .07 .2023**) രണ്ട് വർഷം കഠിന തടവിനും, 1,00,000/- (ഒരു ലക്ഷം രൂപ) പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

2010 ഓഗസ്റ്റ് മാസം തൃശ്ശൂർ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഓവർസിയർ ആയിരുന്ന ജിമ്മി വർഗീസ്, തൃശ്ശൂർ പറളിക്കാട് സ്വദേശിയായ പരാതിക്കാരന്റെ സഹോദരൻ പുതുതായി പണിത വീടിന്റെ കെട്ടിട നമ്പർ ലഭിക്കുന്നതിന് അനുകൂല റിപ്പോർട്ട് നൽകുന്നതിന് 2010 ആഗസ്റ്റ് മാസം അഞ്ചാം തിയതി പരാതിക്കാരനിൽ നിന്നും 5,000/- രൂപ കൈക്കൂലി വാങ്ങവെ തൃശ്ശൂർ വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ.എസ്.ആർ ജ്യോതിഷ് കുമാർ കയ്യോടെ പിടികൂടി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച കേസിലാണ് പ്രതിയായ ജിമ്മി വർഗീസ് കുറ്റക്കാരൻ ആണെന്ന് തൃശ്ശൂർ വിജിലൻസ് കോടതി ഇന്ന് കണ്ടെത്തിയത്. പ്രോസിക്യൂഷന് വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. വി. കെ ശൈലജൻ, ഇ.ആർ. സ്റ്റാലിൻ എന്നിവർ ഹാജരായി

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.